# Extension of the Agreement on Statement of Guiding Principles on Triangular Cooperation for Global Development between India and the US

July 30, 2021

---

**ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ആഗോള വികസനത്തിനായുള്ള ത്രികോണ സഹകരണത്തോടനുബന്ധിച്ചുള്ള മാർഗനിർദ്ദേശ തത്വങ്ങൾ സംബന്ധിച്ച കരാറിന്റെ വിപുലീകരണം**

**ജൂലൈ 30, 2021**

ആഗോളവികസനത്തിനായുള്ള ത്രികോണ സഹകരണത്തിന്റെ മാർഗനിർദേശക തത്വ പ്രസ്താവനയിലെ (SGP) രണ്ടാം ഭേദഗതിയിൽ ഇന്ന് അമേരിക്കയും ഇന്ത്യയും ഒപ്പു വച്ചു.ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ വികസന പങ്കാളിത്ത അഡ്മിനിസ്ട്രേഷൻ- II ഡിവിഷൻ ജോയിന്റ് സെക്രട്ടറി ശ്രീമതി അഭിലാഷ ജോഷിയും യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇൻററർനാഷണൽ ഡവലപ്മെന്റിന്റെ (USAID) ആക്ടിംഗ് മിഷൻ ഡയറക്ടർ ശ്രീമതി കാരെൻ ക്ലിമോവ്സ്കിയുമാണ് ഭേദഗതിയിൽ ഒപ്പുവച്ചത്.

2014 നവംബറിൽ ഒപ്പുവച്ച SGP കരാർ ആഗോള സ്ഥിരതയ്ക്കും അഭിവൃദ്ധിക്കും വേണ്ടിയുള്ള ഇന്ത്യ-യു എസ് പങ്കാളിത്തത്തെ അടിവരയിടുന്നതാണ്.പങ്കെടുക്കുന്ന രാജ്യങ്ങളുടെ , പ്രത്യേകിച്ചും ഏഷ്യയിലെയും ആഫ്രിക്കയിലെയും വികസന അഭിലാഷങ്ങൾ നിറവേറ്റുന്നതിന് ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ഘടനയും ഇത് പ്രദാനം ചെയ്യുന്നു.

ഇന്ന് ഒപ്പിട്ട SGP കരാറിന്റെ രണ്ടാമത്തെ ഭേദഗതി, എസ്ജിപി കരാറിന്റെ സാധുത കാലാവധി 2026 വരെ നീട്ടുന്നതാണ് . ഈ ചട്ടക്കൂടിന് കീഴിൽ ഇന്ത്യയും അമേരിക്കയും സംയുക്തമായി ഏറ്റെടുത്ത നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും SGP യ്ക്ക് കീഴിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ സംയുക്തമായ ദ്വൈവാർഷിക നിരീക്ഷണത്തിനും അവലോകനത്തിനുമായി ഒരു കൺസൾട്ടേറ്റീവ് സംവിധാനം നൽകുകയും ചെയ്യുന്നു.

കരാറിനു കീഴിൽ, ഒന്നിലധികം മേഖലകളിലെ പങ്കാളിത്ത രാജ്യങ്ങൾക്ക്, കാർഷിക മേഖല, പ്രാദേശിക കണക്റ്റിവിറ്റി, വ്യാപാരം, നിക്ഷേപം, പോഷകാഹാരം, ആരോഗ്യം, ഹരിതോർജം പുനരുപയോഗ ഊർജ്ജം, സ്ത്രീ ശാക്തീകരണം, ദുരന്തത്തിനായുള്ള മുന്നൊരുക്കങ്ങൾ , ജലശുദ്ധീകരണം വിദ്യാഭ്യാസം, വ്യവസായ കെട്ടിടങ്ങൾ എന്നിവയിൽ നൈപുണ്യ വികസനം തുടർന്ന് ഇന്ത്യയും അമേരിക്കയും വാഗ്ദാനം ചെയ്യുന്നു .

ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വികസന പങ്കാളിത്തം നൽകാൻ തങ്ങളുടെ ശേഷി പ്രയോജനപ്പെടുത്തിനും കൂട്ടായി പ്രവർത്തനം നടത്തുന്നതിനുമുള്ള ഇരുരാജ്യങ്ങളുടെയും സംയുക്ത പ്രതിബദ്ധത നിറവേറ്റാനും കരാർ സഹായിക്കുന്നു. ആഗോളതലത്തിൽ ഇന്ത്യയുടെ നിലവിലുള്ളതും ഭാവിയിലുണ്ടായേക്കാവുന്നതുമായ മറ്റ് വികസന പങ്കാളിത്തങ്ങൾ, ശേഷി വർദ്ധിപ്പിക്കൽ,സാങ്കേതിക സഹായം എന്നിവയ്ക്കും യുഎസുമായുള്ള ഈ ത്രികോണ സഹകരണം സഹായകമാകും.

ന്യൂ ഡെൽഹി

ജൂലൈ 30, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.